**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **07-10-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ, റീജിണൽ ഓഫീസ് എറണാകുളം, റീജിണൽ ഓഫീസ് കോഴിക്കോട് റീജിണൽ സ്പോർട്സ് മെഡിസിൻ സെന്റർ, കായിക യുവജന കാര്യാലയത്തിന് കീഴിൽ ജി വി രാജ സ്പോർട്സ് സ്കൂൾ, ജി വി എച്ച് എസ് എസ് (സ്പോർട്സ്) കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ കുന്നംകുളം എന്നീ സ്പോർട്സ് സ്കൂളുകളാണ് കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങൾ |
| (ബി) | കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇത്തരം കായിക സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായിക പരിശീലനം, കായിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, ധനസഹായവും പ്രോത്സാഹനവും എന്നിവയും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. റീജിണൽ സ്പോർട്സ് മെഡിസിൻ സെന്ററിന് കീഴിൽ കായിക താരങ്ങൾക്കു ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കായിക പ്രതിഭകളെ കണ്ടെത്തി, ക്രമബദ്ധമായ പരിശീലനവും ഉന്നത നിലവാരത്തിലുള്ള സൗകര്യങ്ങളും നൽകി അവരുടെ കഴിവുകൾ വളർത്തിപ്പിടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.<br><br>ഈ സ്കൂളുകൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവും കായികപരിശീലനവും ഒരുമിച്ച് നൽകുന്ന സംവിധാനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന |

| | | | |
|---|---|---|---|
| | | | താരങ്ങളെ വാർത്തെടുക്കുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം.<br><br>ഇതിലൂടെ കേരളത്തിന്റെ കായിക രംഗത്തെ പുരോഗതിയും പ്രതിഭാസൃഷ്ടിയും ഉറപ്പാക്കുകയും, ഭാവിയിലെ മികച്ച താരങ്ങളെ രാജ്യത്തിനും സംസ്ഥാനത്തിനും നൽകുകയും ചെയ്യുന്നു. കൂടാതെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള കായികക്ഷമത മിഷൻ. വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും മറ്റ് ഇതര വകുപ്പുകളും സംയുക്തമായി ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നഴ്സറി തലം മുതൽ 5 വയസ്സുവരെയും, 6 വയസ്സുമുതൽ 17 വയസ്സുവരെയും, 17 വയസ്സുമുതൽ 59 വയസ്സുവരെയും, പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും എന്നിങ്ങനെയുള്ള 4 ഏജ് ഗ്രൂപ്പുകളിലായാണ് കായിക ക്ഷമതമിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (സി) | കായിക യുവജന കാര്യാലയത്തിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സ്പോർട്സ് ലൈഫ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും ഫിറ്റ്നെസ് സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്ഥലം ലഭ്യതയ്ക്ക് അനുസരിച്ച്, അനുയോജ്യമായ പ്രപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിഗണിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| **തിരുവനന്തപുരം** | | |
| 1 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ജിവി.രാജ സ്കൂൾ, മൈലം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 2 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ജിമ്മിജോർജ് സ്പോർട് സ് ഹബ്ബ് | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 3 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 4 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 5 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, വട്ടിയൂർകാവ് ഷൂട്ടിംഗ് റേഞ്ച് | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **കൊല്ലം** | | |
| 6 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, കൊല്ലം ഹോക്കി സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **പത്തനംതിട്ട** | | |
| 7 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, കോന്നി | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **കോട്ടയം** | | |
| 8 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, പാല | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **ആലപ്പുഴ** | | |
| 9 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, മാവേലിക്കര | പ്രവൃത്തി പൂർത്തീകരിച്ചു |

| | | |
|---|---|---|
| **തൃശ്ശൂർ** | | |
| 10 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **പാലക്കാട്** | | |
| 11 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ചിറ്റൂർ ഒററപ്പാലം LAC | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 12 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ഒറ്റപ്പാലം | പ്രവൃത്തി നടന്നുവരുന്നു |
| **മലപ്പുറം** | | |
| 13 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, കോട്ടപ്പടി | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **കോഴിക്കോട്** | | |
| 14 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ഒളവണ്ണ | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 15 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |
| **കണ്ണൂർ** | | |
| 16 | സ്പോർട് സ് ലൈഫ് ഫിറ്റ്നസ് സെൻറർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു |

| | | |
|---|---|---|
| 17 | സ്പോർട്സ് ഫിറ്റ്നസ് സെൻ്റർ, അഴീക്കോട് | പ്രവർത്തി പൂർത്തിയാകുന്നു. |
| 18 | സ്പോർട്സ് ഫിറ്റ്നസ് സെൻ്റർ, തലശ്ശേരി | പ്രവർത്തി പൂർത്തിയാകുന്നു. |
| 19 | സ്പോർട്സ് ഫിറ്റ്നസ് സെൻ്റർ, ഒറ്റപ്പാലം | പ്രവർത്തി പൂർത്തിയാകുന്നു. |
| 20 | സ്പോർട്സ് ഫിറ്റ്നസ് സെൻ്റർ, ചെറുവത്തൂർ | പ്രവർത്തി പൂർത്തിയാകുന്നു. |

**സെക്ഷൻ ഓഫീസർ**